ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. അംബേദ്കർ, റോമിലാ ഥാപ്പർ, ആർ.സി. മജുംദാർ, സുമിത്രാ കുൽക്കർണ്ണി, രവീന്ദ്രനാഥ ടാഗോർ, പ്രേംചന്ദ്, നർഗീസ് ദയാൽ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) എൻ.വി. കൃഷ്ണവാര്യർ, ഡോ.എം. ലീലാവതി, ഡോ. കെ.എൻ. എഴുത്തച്ഛൻ, പ്രൊഫ. എസ്. ഗുപ്തൻ നായർ, ഇ.എം.എസ്., സാഹിത്യ പഞ്ചാനൻ, പ്രൊഫ. ജി. ശങ്കരപ്പിള്ള, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീ. പി. നരേന്ദ്രനാഥ്, ശ്രീമതി സുഗതകുമാരി, മഹാകവി എം.പി. അപ്പൻ, ശ്രീ. എം.ടി. വാസുദേവൻ നായർ, കുഞ്ഞുണ്ണി മാസ്റ്റർ, ഉറൂബ് തുടങ്ങിയ മഹത്വ്യക്തികളുടെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി)&(ഇ) ഉണ്ട്. ഡോ. അമർത്യാസെന്നും ജീൻഡ്രീസും രചിച്ച 'ഇൻഡ്യ-ഇക്കണോമിക് ഡെവലപ്മെന്റ് ആന്റ് സോഷ്യൽ ഓപ്പർച്യൂണിറ്റി' യും ഇവർ എഡിറ്റു ചെയ്ത 'ഇൻഡ്യൻ ഡെവലപ്മെന്റ് - സെലക്ടഡ് റീജിയണൽ പെഴ്സ്പെക്ടീവ്' എന്നീ ഗ്രന്ഥങ്ങളാണ് പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്)സ്വീകരിച്ചിട്ടുണ്ട്.

**42 (3495) കെ.എസ്.എഫ്.ഡി.സി.യുടെ സിനിമാ തീയേറ്റർ**

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.യുടെ ഉടമസ്ഥതയിൽ ചിറ്റൂരിൽ 1980-ൽ നിർമ്മാണം ആരംഭിച്ച സിനിമാ തീയേറ്റർ ഇതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ല എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ തീയേറ്ററിന്റെ നിർമ്മാണം നടപ്പു സാമ്പത്തികവർഷം പൂർത്തിയാക്കുന്നതിനുവേണ്ടി കെ.എസ്.എഫ്.ഡി.സി.യുടെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുണ്ട് എന്ന് അവർ അറിയിച്ചിട്ടുണ്ട്.

**43 (3496) അവശ കലാകാരന്മാർക്ക് പെൻഷൻ**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരന്മാരുടെ പെൻഷനുള്ള അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly